ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 19.01.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങളുടെ ചിന്തകളും വാക്കുകളും വലിയ സമ്പത്താണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കഴിഞ്ഞ ദശകങ്ങളിൽ ഇന്ത്യയിൽ ജനാധിപത്യം ശക്തിയാർജിച്ചതായും മൻ കി ബാത്തിൽ പ്രധാനമന്ത്രി.

**PM Narendra Modi says that the thoughts and words of the members of the Constituent Assembly are a great treasure. Democracy in India gained strength In the last decades says PM in Mann Ki Baat.**

2. രാജ്യത്ത് സ്റ്റാർട്ടപ്പുകൾ നൽകുന്ന പുതിയ അവസരങ്ങൾ യുവാക്കൾ പ്രയോജനപ്പെടുത്തണമെന്നും പ്രധാനമന്ത്രി.

**The Prime Minister urges that the youth should take advantage of the new opportunities provided by startups in the country.**

3. സ്വിറ്റ്സർലൻഡിലെ ദാവോസിൽ നാളെ ആരംഭിക്കുന്ന ലോക സാമ്പത്തിക ഫോറത്തിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പങ്കെടുക്കും.

**Union Minister Ashwini Vaishnav will participate in the World Economic Forum starting tomorrow in Davos, Switzerland.**

4. ശബരിമല മകരവിളക്ക് മഹോത്സവത്തിന് നാളെ സമാപനമാകും.

**Sabarimala Makaravilakku Mahotsav will concludes tomorrow.**

5. അമേരിക്കയുടെ പുതിയ പ്രസിഡൻറായി ഡോണൾഡ് ട്രംപ് നാളെ സത്യപ്രതിജ്ഞ ചെയ്യും.

**Donald Trump will be sworn in as the new President of the United States tomorrow.**

6. അണ്ടർ 19 വനിതാ ട്വൻറി- 20 ലോകകപ്പ് ആദ്യ മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെതിരെ ടോസ് നേടിയ ഇന്ത്യ ഫിൽഡിംഗ് തിരഞ്ഞെടുത്തു. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഗോവ- ഈസ്റ്റ് ബംഗാൾ പോരാട്ടം.

**West Indies has batting collapse in the first match against India in the U-19 Women's Twenty20 World Cup.In ISL football Goa will face East Bengal today.**

&&&&&&&&&&&&&&&&&&

**HEAD LINE – 1**

**MANN KI BAATH- 1**

***ഭരണഘടനാ അസംബ്ലിയിലെ അംഗങ്ങളുടെ ചിന്തകളും വാക്കുകളും വലിയ സമ്പത്താണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിന്റെ നൂറ്റി പതിനെട്ടാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അടുത്ത ഞായറാഴ്ച റിപ്പബ്ലിക് ദിനമായതിനാൽ, പതിവ് പോലെ അവസാന ഞായറാഴ്ച്ചയല്ല, നേരത്തെയാണ് മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യുന്നതെന്ന്***

***പ്രധാനമന്ത്രി പറഞ്ഞു. ബാബാ സാഹിബ് അംബേദ്കർ, ഡോ. രാജേന്ദ്ര പ്രസാദ്, ഡോ. ശ്യാമപ്രസാദ് മുഖർജി തുടങ്ങിയവർ ഭരണഘടനാ നിർമ്മാണ സഭയിൽ നടത്തിയ ചില പ്രസംഗങ്ങൾ പ്രധാനമന്ത്രി അനുസ്മരിച്ചു. അവയുടെ പ്രസക്ത ഭാഗങ്ങൾ മൻ കി ബാത്തിൽ പ്രക്ഷേപണം ചെയ്തു. തിരഞ്ഞെടുപ്പ് കമ്മീഷനും, ജനാധിപത്യത്തിലുള്ള ജനങ്ങളുടെ പങ്കാളിത്തത്തിനും ഭരണഘടനയിൽ പ്രധാനപ്പെട്ട സ്ഥാനം നൽകിയിട്ടുണ്ടെന്ന്, ജനുവരി 25 ദേശീയ വോട്ടർ ദിനം ആണെന്ന് ചൂണ്ടിക്കാട്ടവെ പ്രധാനമന്ത്രി പറഞ്ഞു.***

(ഹോൾഡ് വോയിസ്- പ്രധാനമന്ത്രി)

***കഴിഞ്ഞ ദശകങ്ങളിൽ രാജ്യത്തിന്റെ ജനാധിപത്യം ശക്തിപ്പെടുകയും, അഭിവൃദ്ധി പ്രാപിക്കുകയും ചെയ്തു. വോട്ടവകാശം പരമാവധി വിനിയോഗിക്കാനും, രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയയുടെ ഭാഗമാകാനും ജനങ്ങളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.***

&&&&&&&&&&&&&&&&&&&

**MANN KI BAATH- 2**

വികസനത്തിന്റെ പാതയിൽ മുന്നേറുന്നതിനൊപ്പം, പൈതൃകം സംരക്ഷിക്കുകയും അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മുന്നോട്ട് പോവുകയും വേണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. സമത്വത്തിൻറെയും ഐക്യത്തിന്റെയും അസാധാരണമായ സംഗമമാണ് പ്രയാഗ്‌രാജിൽ ആരംഭിച്ച മഹാകുംഭമേളയെന്ന് അദ്ദേഹം പറഞ്ഞു. ഈ വർഷം വിശേഷ ദിനമായ ജനുവരി 11 ന് ലക്ഷക്കണക്കിന് ഭക്തർ അയോധ്യയിൽ രാം ലല്ലയെ ദർശിച്ചുവെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

ബഹിരാകാശ മേഖലയിൽ ഈ വർഷം തുടക്കത്തിൽ തന്നെ രാജ്യം കൈവരിച്ച നേട്ടങ്ങൾ പ്രധാനമന്ത്രി പങ്കുവെച്ചു. ബെംഗളൂരു ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പായ പിക്സൽ, രാജ്യത്തെ ആദ്യത്തെ സ്വകാര്യ സാറ്റലൈറ്റ് കോൺസ്റ്റലേഷൻ ആയ 'ഫയർഫ്ലൈ' വിജയകരമായി വിക്ഷേപിച്ചു. സുപ്രധാന സാങ്കേതികവിദ്യയായ 'സ്പേസ് ഡോക്കിങ്ങിൽ' വിജയം കൈവരിക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറി. ബഹിരാകാശത്ത് പയറുവർഗ്ഗ വിത്തുകൾ മുളപ്പിക്കുന്ന പരീക്ഷണത്തിന്റെ വിജയവും ശ്രീ. മോദി മൻ കി ബാത്തിൽ പരാമർശിച്ചു.

&&&&&&&&&&&&&&&&&&&&

## HEAD LINE –2

**MANN KI BAATH- 3**

ചുറ്റുമുള്ള മൃഗങ്ങളോടും പക്ഷികളോടും സ്നേഹം പുലർത്തി ജീവിക്കാനാണ് നമ്മുടെ സംസ്കാരവും പൈതൃകവും പഠിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ രണ്ട് മാസത്തിനിടെ രാജ്യത്ത് രണ്ട് പുതിയ കടുവ സംരക്ഷണ കേന്ദ്രങ്ങൾ കൂടി രൂപീകരിക്കപ്പെട്ടതിൽ അദ്ദേഹം സന്തോഷം പങ്കുവച്ചു.

സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികദിനത്തിൽ, വികസിത് ഭാരത് യുവ നേതൃ സംഗമത്തിൽ പങ്കെടുത്തത് ശ്രീ. മോദി അനുസ്മരിച്ചു. സ്റ്റാർട്ടപ്പ് ഇന്ത്യ പദ്ധതി 9 വർഷം പൂർത്തിയാക്കിയെന്ന് ശ്രീ. മോദി ചൂണ്ടിക്കാട്ടി. സ്റ്റാർട്ടപ്പ് സംസ്കാരം ഇന്ന് വലിയ നഗരങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. ചെറുപട്ടണങ്ങളിലെ പകുതിയിലധികം സ്റ്റാർട്ടപ്പുകളും നയിക്കുന്നത് പെൺകുട്ടികളാണ്. രാജ്യത്ത് സൃഷ്ടിക്കപ്പെടുന്ന പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്നും പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

(ഹോൾഡ് വോയിസ്- പ്രധാനമന്ത്രി)

&&&&&&&&&&&&&&&&&&&&

**MANN KI BAATH- 4**

രാജ്യത്തിൻറെ വിദൂര പ്രദേശങ്ങളിൽ പോലുമുള്ള നല്ല പ്രവൃത്തികളും കർത്തവ്യബോധത്തോടെയുള്ള പരിശ്രമങ്ങളും പ്രകടിപ്പിക്കുന്നതിനുള്ള മികച്ച വേദിയാണ് മൻ കി ബാത്തെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. 18 വർഷം മുമ്പ് തന്നെ സർക്കാർ ജോലിയിൽ നിന്ന് വിരമിച്ചിട്ടും, ഇന്നും അനുകമ്പയോടെ ജനങ്ങളെ നഴ്സായി സേവിക്കുന്ന ലക്ഷദ്വീപ് കവരത്തിയിലെ ശ്രീമതി. കെ. ഹിന്തുമ്പിയുടെ പ്രവർത്തനങ്ങൾ പ്രധാനമന്ത്രി പരാമർശിച്ചു.

(ഹോൾഡ് വോയിസ്- പ്രധാനമന്ത്രി)

പരിസ്ഥിതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഗാനങ്ങൾ എഴുതുന്ന ലക്ഷദ്വീപിലെ ശ്രീ. കെ ജി മുഹമ്മദിനെയും പ്രധാനമന്ത്രി പരാമർശിച്ചു. ലക്ഷദ്വീപ് സാഹിത്യകലാ അക്കാദമിയുടെ മികച്ച നാടൻ പാട്ടിനുള്ള അവാർഡ് ഉൾപ്പെടെ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ടെന്നും

വിരമിച്ചതിനു ശേഷവും കെ.ജി. മുഹമ്മദ് അവിടെയുള്ള മ്യൂസിയവുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ടെന്നും ശ്രീ. മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

**MANN KI BAATH- 5**

നേതാജി സുഭാഷ് ചന്ദ്രബോസിൻറെ ജന്മദിനമായ ജനുവരി 23, രാജ്യത്ത് പരാക്രം ദിവസ് ആയി ആഘോഷിക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. നേതാജി ദീർഘവീക്ഷണമുള്ള ആളായിരുന്നു. കാര്യക്ഷമനായ ഒരു ഭരണാധികാരി കൂടിയായിരുന്നു അദ്ദേഹമെന്നും പ്രധാനമന്ത്രി പറഞ്ഞു. നേതാജിക്ക് റേഡിയോയുമായി ആഴത്തിലുള്ള ബന്ധമുണ്ടായിരുന്നു. ആസാദ് ഹിന്ദ് റേഡിയോയിലൂടെ അദ്ദേഹത്തെ കേൾക്കാൻ ആളുകൾ ആകാംക്ഷയോടെ കാത്തിരുന്നു. നേതാജിയെക്കുറിച്ച് കഴിയുന്നത്ര വായിക്കാനും, അദ്ദേഹത്തിൻറെ ജീവിതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളാനും രാജ്യമെമ്പാടുമുള്ള യുവജനങ്ങളോട് പ്രധാനമന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**Vice President**

ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ 3 ദിവസത്തേ ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം യാത്ര തിരിച്ചു. രാവിലെ അഗത്തി വിമാനത്താവളത്തിൽ വിവിധ കേന്ദ്ര പദ്ധതികളുടെ ഗുണഭോക്താക്കളുമായി ഉപരാഷ്ട്രപതി ആശയ വിനിമയം നടത്തി.

&&&&&&&&&&&&&&&&&&

## HEAD LINE – 3

**VAISHNAW WEF**

സ്വിറ്റ്സർലൻഡിലെ ദാവോസിൽ നാളെ ആരംഭിക്കുന്ന ലോക സാമ്പത്തിക ഫോറം 2025-ൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പങ്കെടുക്കും. പരിപാടിയിൽ, രാജ്യത്തിന്റെ വികസന മാതൃക കേന്ദ്രമന്ത്രി ഉയർത്തിക്കാട്ടും. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും, പ്രത്യേകിച്ച് പിന്നോക്കം നിൽക്കുന്നവർക്ക് വികസനം ഉറപ്പാക്കുന്നതിൽ രാജ്യം കൈവരിച്ച ഗണ്യമായ മുന്നേറ്റങ്ങളെക്കുറിച്ച് സമ്മേളനത്തിൽ

വിശദീകരിക്കുമെന്ന് സന്ദർശനത്തിന് മുന്നോടിയായി നൽകിയ വീഡിയോ സന്ദേശത്തിൽ കേന്ദ്ര മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...........

&&&&&&&&&&&&&&&&&&

## HEAD LINE – 4

**SABARIMALA**

മകരവിളക്ക് ഉത്സവത്തിന് സമാപനം കുറിച്ച് നാളെ രാവിലെ ശബരിമല നട അടയ്ക്കും. ഇന്ന് വൈകിട്ട് 6 വരെ മാത്രമേ തീർഥാടകരെ പമ്പയിൽ നിന്ന് സന്നിധാനത്തേയ്ക്ക് കയറ്റിവിടൂ. ഇന്ന് രാത്രി മാളികപ്പുറത്ത് ഗുരുതി പൂജ നടക്കും.

&&&&&&&&&&&&&&&&&&

**AMIT SHAH- NDRF**

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആന്ധ്രാപ്രദേശിലെ വിജയവാഡയിൽദേശീയ ദുരന്ത നിവാരണ സേനയുടെ 20-ാമത് സ്ഥാപക ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ദക്ഷിണ മേഖല കാമ്പസ്, എൻഡിആർഎഫിൻറെ 10-ാം ബറ്റാലിയൻ കാമ്പസ്, സുപോളിലെ ആർ ആർ സി-ഒമ്പതാം ബറ്റാലിയൻ കേന്ദ്രം എന്നിവയുടെ ഉദ്ഘാടനം ശ്രീ ഷാ നിർവ്വഹിച്ചു. പ്രകൃതിദുരന്തങ്ങളിലും, ദുഷ്കരമായ സമയങ്ങളിലും എൻഡിആർഎഫ് പൗരന്മാരുടെ സുരക്ഷയോടുള്ള പ്രതിബദ്ധതയുടെ പ്രതീകമായി മാറിയാതായി ശ്രീ. അമിത് ഷാ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HEAD LINE – 6

**CRICKET- U19 WOMEN S T20 WC**

ICC അണ്ടർ 19 വനിതാ T20 ലോകകപ്പിലെ ഇന്ത്യയ്ക്കെതിരായ ആദ്യ മത്സരത്തിൽ വെസ്റ്റ് ഇൻഡീസിന് ബാറ്റിംഗ് തകർച്ച. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ വെസ്റ്റിൻഡീസ് 9 വിക്കറ്റ് നഷ്ടത്തിൽ 43 റൺ നേടിയിട്ടുണ്ട്. 2023ലെ പ്രഥമ ലോകകപ്പിൽ ഇംഗ്ലണ്ടിനെ കീഴടക്കി ടീം ഇന്ത്യ കിരീടം നേടിയിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 6A

**ISL**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ഗോവ- ഈസ്റ്റ് ബംഗാളിനെ നേരിടും. ഗോവയിലെ ഫെറ്റോർദ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന കേരള ബ്ലാസ്റ്റേഴ്സ് - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് മത്സരവും, ഹൈദരാബാദ് - ബെംഗളൂരു മത്സരവും സമനിലയിൽ പിരിഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 5

**TRUMP**

അമേരിക്കയുടെ 47-ാമത് പ്രസിഡൻറായി ഡോണൾഡ് ട്രംപ് നാളെ സത്യപ്രതിജ്ഞ ചെയ്യും. വാഷിംഗ്ടൺ ഡി സിയിൽ നാളെ രാത്രി നടക്കുന്ന ചടങ്ങിൽ വൈസ് പ്രസിഡൻറ് ജെ ഡി വാൻസും സത്യപ്രതിജ്ഞ ചെയ്യും. ഇന്ത്യൻ സമയം നാളെ രാത്രി പത്തരയോടെയാണ് ചടങ്ങുകൾ ആരംഭിക്കുക ഡോണാൾഡ് ട്രംപ് ഇത് രണ്ടാം തവണയാണ് യു എസ് പ്രസിഡൻറ് സ്ഥാനത്തേക്കെത്തുന്നത്.

&&&&&&&&&&&&&&&&&&

**GAZA CEASEFIRE DEAL**

ഇസ്രയേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ കരാർ പ്രാബല്യത്തിലേക്ക്. ഇസ്രായേലി സുരക്ഷാ നേതൃത്വം ഇന്നലെ കരാറിന് അംഗീകാരം നൽകിയിരുന്നു.ഇരു വിഭാഗവും തടവിൽ

വച്ചിരിയ്ക്കുന്ന ആളുകളുടെ കൈമാറ്റത്തിനും ധാരണ ആയിട്ടുണ്ട്.ഇതോടെ 15 മാസം നീളുന്ന സംഘർഷത്തിനാണ് അവസാനമാകുന്നത്. എന്നാൽ വെടിനിർത്തൽ കരാർ താൽക്കാലികം മാത്രം ആണെന്നും ഗസയിലെ പോരാട്ടം തുടരാനുള്ള എല്ലാ അവകാശവും തങ്ങൾക്കുണ്ടെന്നും ഇസ്രയേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു വ്യക്തമാക്കിയിട്ടുണ്ട് .ആദ്യ ഘട്ടത്തിൽ മോചിപ്പിക്കുന്ന 33 ബന്ദികളുടെ പേരുവിവരങ്ങൾ പുറത്ത് വിടണമെന്നും നെതന്യാഹു ആവശ്യപ്പെട്ടിരുന്നു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&